## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 766 — 16.07.2014-ൽ മറുപടിയ്ക്ക്

# വൈദ്യുതി ലൈൻ പ്രവർത്തനങ്ങളിൽ നിന്ന് പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് പിൻമാറിയ നടപടി

ചോദ്യം

ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. പി. റ്റി. എ. റഹിം :

ഉത്തരം
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്ത് ഏതെങ്കിലും 400 കെ. വി. ലൈൻ നിർമ്മാണ പ്രവർത്തനങ്ങളിൽ നിന്ന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് പിന്മാറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ലൈനുമായി ബന്ധപ്പെട്ട് സ്ഥാപിച്ചിട്ടുള്ള സാധന സാമഗ്രികൾ തിരിച്ചെടുക്കാൻ അനുവാദം നൽകുന്നതിന് പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ കേന്ദ്ര റഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 400 കെ. വി. തിരുനെൽവേലി - മാടക്കത്തറ ലൈനുമായി ബന്ധപ്പെട്ട് പവർഗ്രിഡ് കോർപ്പറേഷൻ കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ നൽകിയിരിക്കുന്ന പെറ്റീഷനിൽ താഴെ പറയുന്ന കാര്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

1. കൂടംകുളം ആണവ നിലയത്തിൽ നിന്നും കേരളത്തിന് അർഹതപ്പെട്ട വൈദ്യുതി വിഹിതം ലഭ്യമാക്കുന്നതിനു വേണ്ടി നിർമ്മിക്കുന്ന 400 കെ. വി. തിരുനെൽവലി-മാടക്കത്തറ ലൈനിനും പള്ളിക്കര (കൊച്ചി ഈസ്റ്റ്) യിൽ 400 കെ. വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനും, 31-03-2014- വരെ ചെലവായ 408.40 കോടി രൂപയ്ക്ക് 01-04-2014 മുതൽ താത്ക്കാലിക താരിഫ് നിശ്ചയിക്കുവാനും, ഇടമൺ-കൊച്ചി റൂട്ടിലെ തർക്കങ്ങൾ പരിഹരിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതും, അതിനു ശേഷം 400 കെ. വി. തിരുനെൽവേലി - മാടക്കത്തറ ലൈനും അനുബന്ധ 400 കെ. വി സബ്സ്റ്റേഷൻ നിർമ്മാണത്തിനും വേണ്ടി ചെലവാക്കിയ തുകയ്ക്കുള്ള അന്തിമ താരിഫ് നിശ്ചയിക്കുവാനും.
2. PGCIL -ൽ പ്രസ്തുത പ്രവൃത്തി മൂലം ഉണ്ടായ നഷ്ടം നികത്തുവാൻ വേണ്ടി കമ്മീഷൻ ഉചിതമായ നടപടി സ്വീകരിക്കുവാനും
3. 400 കെ. വി. ഇടമൺ-കൊച്ചി ഭാഗത്ത് ലൈൻ വലിക്കുന്നത് സംബന്ധിച്ച തർക്കങ്ങളും അത് സംബന്ധിച്ച സർക്കാരിൻെറ ഭാഗത്തുനിന്നും മുന്നോട്ടു വച്ച നഷ്ടപരിഹാര നിർദ്ദേശങ്ങളിൽ ഉള്ള വ്യത്യസ്ത നിലപാടുകൾ പരിഹരിക്കുവാനും
4. തിരുനെൽവേലി-ഇടമൺ 400 കെ. വി. ലൈനിൻെറ commercial operation

01-07-2010 മുതൽ പ്രഖ്യാപിക്കാനും.

പ്രസ്തുത വിഷയത്തിന്മേലുള്ള വാദം കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ നടന്നു വരികയാണ്.

(സി) ഇതിനുള്ള സാഹചര്യം എന്താണെന്നും ഇക്കാര്യത്തിലുള്ള നിലപാട് എന്താണെന്നും വിശദമാക്കുമോ ?

(സി) കൂടംകുളം ആണവ നിലയത്തിൽ നിന്നും കേരളത്തിലേക്ക് വൈദ്യുതി എത്തിക്കുന്നതിനുവേണ്ടി തിരുനെൽവേലി മുതൽ തൃശൂർ മാടക്കത്തറ വരെ 400 കെ. വി. ലൈനും കൊച്ചി (പള്ളിക്കര) യിൽ ഒരു 400 കെ. വി സബ്സ്റ്റേഷനും നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ടി ലൈനിന്റെ നിർമ്മാണ പ്രവൃത്തികൾ പവർ ഗ്രിഡ് കോർപ്പറേഷനാണ് നടപ്പാക്കുന്നത്. തിരുനെൽവേലി മുതൽ ഇടമൺ വരെയും മാടക്കത്തറ മുതൽ പള്ളിക്കര വരെയുമുള്ള 400 കെ. വി. ലൈൻ നിർമ്മാണവും പള്ളിക്കരയിൽ ഒരു 400 കെ. വി സബ്സ്റ്റേഷന്റെ നിർമ്മാണവും ഇതിനോടകം പൂർത്തിയായിട്ടുണ്ട്. ഇടമൺ മുതൽ കൊച്ചി വരെയുള്ള ലൈൻ റൂട്ടിൽ ലൈൻ വലിക്കുന്നതിനെതിരെയുള്ള എതിർപ്പുകൾ മൂലം നിർമ്മാണം തടസ്സപ്പെട്ടിരിക്കുകയാണ്. പ്രസ്തുത ലൈൻ നിർമ്മാണം നടത്തുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും, കർഷകരുമായും, ജനപ്രതിനിധികളുമായും ചർച്ചകൾ നടന്നുവരുന്നു.

PGCIL ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്മേൽ, സത്വര നടപടികൾ കൈക്കൊള്ളണമെന്ന കോടതി നിർദ്ദേശത്തിന്മേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ.**